**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ആസൂത്രണ സാമ്പത്തിക(ആർ.കെ.ഐ) വകുപ്പ് ഭരണാനുമതി നൽകുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികളൊന്നും കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നിർവഹിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് 06/02/2021-ലെ സ.ഉ(കൈ)29/2021/തസ്വഭവ നം. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ രണ്ട് പ്രവർത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഈസ്റ്റ് ഹിൽ-കേന്ദ്രീയ വിദ്യാലയം-കാരപറമ്പ് റോഡ് (കോഴിക്കോട്) | 1.5 | സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും കരാറു കാരനുമായി നിയമാനുസൃത കരാറിൽ 24-11-2022 നു ഏർപ്പെട്ടിട്ടുമുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | ഈസ്റ്റ് ഹിൽ -ചക്കോരത്കുളം റോഡ് (കോഴിക്കോട്) | 4 | ഡിസൈൻ റോഡ് ആയതി നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തിനുള്ള സൈറ്റ് പഠനങ്ങളും സർവ്വേയും നടന്നു വരുന്നു. |